സാഹിത്യവാരഫലം

1987/04/19 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1987/04/19-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ബോധേശ്വരൻ

വർഷം 1942; അല്ലെങ്കിൽ 1943. ആഴ്ചയും തീയതിയും മറ്റും ഓർമ്മയില്ലെനിക്ക്. തിരുവനന്തപുരത്തെ സയൻസ് കോളേജിന്റെ മുൻപിലുള്ള രാജവീഥിയിൽ ഞാൻ നില്ക്കുകയായിരുന്നു. സായാഹ്നം. എന്റെ അടുത്തുകൂടെ ഒരുജ്ജ്വല പുരുഷൻ നടന്നുപോകുകയാണ്. അഭിജാതനും ആത്മധീരനുമാണു താനെന്നു വിളിച്ചുപറയുന്ന മുഖഭാവം. ബുദ്ധിശക്തിയെ സ്പഷ്ടമാക്കുന്ന കണ്ണുകൾ. "ആജാനുബാഹു കരിമസ്തകമാറ്റ്". ആ നടത്തത്തിനും തലതിരിച്ചുള്ള നോട്ടത്തിനുമൊക്കെ സവിശേഷതകളുണ്ട്. എനിക്ക് ആളിനെ മനസ്സിലായി. ബോധേശ്വരൻ. അദ്ദേഹത്തിന്റെ അടുത്തുചെന്ന് 'ബോധേശ്വരനാണോ?' എന്നു ചോദിക്കാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. അത്രകണ്ടാണ് അദ്ദേഹത്തിന്റെ സ്വത്വത്തിന്റെ ശക്തി. അതുകൊണ്ട് ഓടി അടുത്തു ചെന്നു വിനയത്തോടെ അറിയിച്ചു. 'വളരെക്കാലമായി, പരിചയപ്പെടാൻ ആഗ്രഹിക്കുകയാണ്'. അദ്ദേഹം നിന്നു. പഞ്ചാനനൻ ഏണശാബമായി. തെല്ലുനേരം സംസാരിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'വരൂ. ഈ പുൽത്തകിടിയിൽ ഇരിക്കാം'. ഞങ്ങൾ കോളിജിന്റെ മുൻവശത്ത് ഇരുന്നു സംഭാഷണം തുടർന്നു. 'എന്റെ ഏതു കവിതയാണു നിങ്ങൾക്കിഷ്ടപ്പെട്ടത്'. ഞാൻ 'അതുതാനമലം വരദം സുഖദം' എന്നു തുടങ്ങുന്ന വരികൾ എന്റേതായ മട്ടിൽ ചൊല്ലിക്കേൾപ്പിച്ചു. 'ഈ കവിതയെക്കുറിച്ച് എന്താണഭിപ്രായം?' എന്ന് അദ്ദേഹം ചോദിച്ചു. 'ഇതു നിഷ്കളങ്കമായ സ്നേഹത്തെ സ്തുതിക്കുന്ന കവിതയാണ്'. ബോധേശ്വരന് ഇഷ്ടമായി. 'ശരി. അതുതന്നെയാണ് ശരി. ഇവിടെ ചിലർ പറഞ്ഞു പരത്തുന്നുണ്ട് ഞാനിതു കാർത്ത്യായനിഅമ്മയെക്കുറിച്ച് എഴുതിയതാണെന്ന്. നിങ്ങൾ സത്യം കണ്ടെത്തിയതിൽ എനിക്കു സന്തോഷമുണ്ട്. നാളെ വീട്ടിൽ വരൂ എന്റെ പുസ്തകങ്ങൾ തരാം. അർഹതയില്ലാത്ത ചിലർ അവ കൊണ്ടുപോയിട്ടുണ്ട് മുൻപ്. നിങ്ങൾ അങ്ങനെയല്ല'. ഞാൻ അടുത്ത ദിവസം അദ്ദേഹത്തിന്റെ വീട്ടിൽച്ചെന്നു പുസ്തകങ്ങൾ സ്വീകരിച്ചു. രണ്ടാഴ്ച കഴിഞ്ഞു കെ. വി. സുരേന്ദ്രനാഥിനോടൊരുമിച്ച് വീണ്ടും പോയി. (കെ. വി. സുരേന്ദ്രനാഥ് നെടുമങ്ങാട്ടെ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടുവെന്നു മായ എന്ന പെൺകുട്ടി ടെലിവിഷനിലൂടെ അറിയിച്ചിട്ട് ഏതാനും നിമിഷങ്ങളേ ആയുള്ളു) ബോധേശ്വരനും സുരേന്ദ്രനാഥും ഞാനും വളരെനേരം സംസാരിച്ചു; ഏറിയകൂറും സാംസ്കാരിക വിഷയങ്ങളെക്കുറിച്ച്.

കെ. വി. സുരേന്ദ്രനാഥ്

അർഹതയില്ലാത്തവർ പുസ്തകങ്ങൾ കൊണ്ടുപോയിയെന്നു ബോധേശ്വരൻ പറഞ്ഞല്ലോ. അർഹതയില്ലാത്തവരായിരിക്കാം അവർ. എങ്കിലും കവി ചെയ്തതു ഉചിതജ്ഞതയുള്ള കൃത്യമായിരുന്നുവെന്നാണ് എന്റെ പക്ഷം. കവി തന്റെ രചനകൾ മറ്റുള്ളവർക്കു നല്കുമ്പോൾ താൻ ആവിഷ്കരിച്ച സത്യസൗന്ദര്യങ്ങളുടെ ലോകത്തു പങ്കുകൊള്ളുവാൻ അവർക്കു സൗകര്യം നിർമ്മിച്ചുകൊടുക്കുകയാണ്. പുസ്തകം കൊണ്ടുപോയവർ ആദ്യമൊക്കെ അലക്ഷ്യമായി അത് എവിടെയെങ്കിലും എറിഞ്ഞുവെന്നു വിചാരിക്കൂ. ഏതെങ്കിലുമൊരു നിമിഷത്തിൽ അവർ അതു തുറന്നു കണ്ണോടിക്കാതിരിക്കില്ല. അപ്പോൾ അനാവരണം ചെയ്യപ്പെടുന്ന ലോകം അവർക്കു തീർച്ചയായും ഉന്നമനം നല്കും. അപ്പോഴാണ് കവിയുടെ ദാനം സാർത്ഥകമായി ഭവിക്കുന്നത്. പുസ്തകം സമ്മാനിക്കുമ്പോൾ മാത്രമല്ല, കാവ്യമെഴുതുമ്പോഴും കഥയെഴുതുമ്പോഴും നിരൂപണം എഴുതുമ്പോഴും നമ്മൾ ലോകത്തിനു സേവനമനുഷ്ഠിക്കുകയാണ്. അതിനാലാണ് സാംസ്കാരിക കാര്യങ്ങളിൽ പ്രവർത്തിക്കുന്നവർക്കു ലോകം മാന്യത കല്പിക്കുന്നത്. ദൗർഭാഗ്യവശാൽ സമകാലികലോകം മൂല്യനിരാസത്തിൽ മാത്രം തല്പരമായിരിക്കുന്നു. ഓടി കാലുകളുടെ ശക്തികാണിക്കുന്നവർക്കു പതിനെട്ടു ലക്ഷം രൂപയും കാറുകളും നല്കുന്നവർ ഉന്നത കലാകാരനായ ഗോപി രോഗത്തിന്റെ യാതനയിൽപ്പെട്ടു പുളയുമ്പോൾ കണ്ണടച്ചുകളയുന്നു. ഗോപീ, സുഹൃത്തേ, നൃശംസതയാർന്നതാണ് ഈ ലോകം എന്നുമാത്രം ധരിക്കൂ.

പ്രഭാഷകർ

ഒരു രാഷ്ട്രീയ പ്രവർത്തകൻ ഒരു മഹാകവിയെ സമ്മേളനത്തിനു ക്ഷണിച്ചു. "എന്റെ റേറ്റ് അഞ്ഞൂറു രൂപയാണ്" എന്നു മഹാകവി അറിയിച്ചു. നാല്പത്തഞ്ചുകൊല്ലം മുൻപുള്ള സംഭവമാണിത്. അന്നത്തെ അഞ്ഞൂറു രൂപയ്ക്ക് ഇന്നത്തെ അമ്പതിനായിരം രൂപയുടെ വിലയുണ്ട്. ആവശ്യപ്പെട്ട തുക കൊടുക്കാമെന്നു രാഷ്ട്രീയ പ്രവർത്തകൻ സമ്മതിച്ചതുകൊണ്ടു മഹാകവി സമ്മേളനത്തിനു പോയി. പ്രസംഗമൊക്കെക്കഴിഞ്ഞ്. അദ്ദേഹം കാറിൽ കയറിയപ്പോൾ രാഷ്ട്രീയ പ്രവർത്തകൻ വിനയത്തോടെ ഒരു കവർ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. മഹാകവി വടക്കുചെന്നു കവർ തുറന്നുനോക്കി. അമ്പതു രൂപയുണ്ടായിരുന്നു. പിന്നീട് അദ്ദേഹം പറയാറുണ്ടായിരുന്നു 'തിരുവിതാംകൂർകാരെല്ലാം കള്ളന്മാരാണ്'.

ഞാനും കെ. എസ്. ചന്ദ്രനും മഹായശസ്കനായ ഒരു സാഹിത്യകാരനും കൂടി പാലായിൽ ഒരു മീറ്റിങ്ങിനു പോയി. സാഹിത്യകാരന്റെ കാറിലായിരുന്നു യാത്ര. കിലോമീറ്ററിന് ഒരു രൂപയെന്ന കണക്കിനു കൂലി കൊടുത്തുകൊള്ളാമെന്നു സംഘാടകർ സമ്മതിച്ചിരുന്നു നേരത്തെ. സമ്മേളനത്തിനു ശേഷം കേമമായ കാപ്പികുടി ഉണ്ടായിരുന്നു. മീറ്റിങ്ങിനു വിളിച്ചുകൊണ്ടുപോകുന്നവരിൽ പലരും അതുകഴിഞ്ഞാൽ ദാഹിച്ചു വെള്ളം പോലും തരാതെ കാറിൽ കയറ്റി അയച്ചുകളയുന്നവരാണ്. വല്ലതും തരാൻ ചിലർ കൂട്ടാക്കിയെന്നു വരും. അത് രണ്ടു കൺടി ബിസ്കറ്റും നൂല കയറ്റിയ ഉഴുന്നുവടയും തട്ടുകടയിൽനിന്നു വാങ്ങിച്ച ചായയെന്ന ഒട്ടുന്ന ദ്രാവകവുമായിരിക്കും. പാലായിലെ സംഘാടകർ അങ്ങനെയൊന്നുമായിരുന്നില്ല. സൽകാരപ്രിയന്മാർ. മദ്യം വേണ്ടവർക്കു ഷീവാസ് റീഗൽ തുടങ്ങിയ ഉഗ്രൻ സാധനങ്ങൾ. അതെല്ലാം കഴിച്ചു സാഹിത്യനായകൻ താൻ നേരത്തെ സമ്മതിച്ച റേറ്റനുസരിച്ചുള്ള പണം വാങ്ങി. എന്നിട്ട് ഇരുനൂറു രൂപ കൂടി വേണമെന്നു ശാഠ്യം പിടിച്ചു. ശബ്ദം ഉയരാൻ തുടങ്ങിയപ്പോൾ കെ. എസ്. ചന്ദ്രൻ ചെറുപ്പക്കാരനായ സംഘാടകനെ വിളിച്ചു പറഞ്ഞു: "കൊടുത്തേക്ക് അതും കൂടെ". അവർ ആ രൂപയും കൊടുത്തു. എന്നിട്ട് എന്നെ വിളിച്ചു പറഞ്ഞു: "സാറ് കൂടി വന്നത് ഇവന്റെ ഭാഗ്യം. ഇല്ലെങ്കിൽ ഞങ്ങൾ ജീപ്പിൽവന്നു കാറിനെ ഓവർടേക്ക് ചെയ്തു തടഞ്ഞുനിറുത്തി ഇവനെ അടിക്കുമായിരുന്നു". ആ യുവാക്കന്മാരെ ഞാൻ സമാധാനിപ്പിച്ചു. തിരിക്കാറായപ്പോൾ സാഹിത്യനായകൻ അദ്ദേഹത്തിന്റെ ഡ്രൈവറോട് ആജ്ഞാപിച്ചു: "എടേ മുരുകാ ആ മേശപ്പുറത്തിരിക്കുന്നതിൽനിന്ന് നാലു കുപ്പിയെടുത്തു കാറിന്റെ പിറകിൽ വച്ചേര്". ഞങ്ങൾ യാത്രയാരംഭിച്ചു. ഏതാണ്ടൊരു വനപ്രദേശത്ത് എത്തിയപ്പോൾ സാഹിത്യനായകൻ കാറ് നിറുത്താൻ പറഞ്ഞു. അതിൽനിന്നിറങ്ങി പിറകുവശം തുറന്നു കുപ്പിയെടുക്കാൻ ഭാവിച്ചു. അവിടെ ഒന്നും കണ്ടില്ല. ദേഷ്യത്തോടെ അദ്ദേഹം അലറി "എടാ മുരുകാ കുപ്പികളെടുത്തു വച്ചില്ലേ?" മുരുകന്റെ മറുപടി: "സാർ ഞാനെടുത്തു. പക്ഷേ, അവർ തെറി പറഞ്ഞിട്ട് അവ എന്റെ കൈയിൽനിന്നു പിടിച്ചു വാങ്ങിക്കൊണ്ടു പോയി". കാറ് നീങ്ങി. ആദ്യം കണ്ട കള്ളുഷാപ്പിന്റെ മുൻപിൽ അതു നിറുത്താൻ ആജ്ഞാപിച്ച സാഹിത്യനായകൻ ഷാപ്പിനകത്തേക്കു നോക്കി വിളിച്ചു പറഞ്ഞു: "ഒരു നല്ല കുപ്പി കള്ളു വേണം. അച്യുതമേനോനു കൊടുക്കാനാണ്". "ഇവിടെ കള്ളുമില്ല, കിള്ളുമില്ല" എന്നു മറുപടി. സന്മാർഗ്ഗനിരതനും നീതിതല്പരനുമായ അച്യുതമേനോനെ ഇങ്ങനെയാണ് സംസ്കാരസമ്പന്നനെന്നു ഭാവിക്കുന്ന സാഹിത്യകാരൻ അപമാനിക്കാൻ ശ്രമിച്ചത്. ശ്രമമേയുള്ളു. കള്ളു വില്പനക്കാരനു പോലും അറിയാമായിരുന്നു ആ മാന്യന്റെ പേര് ആ മദ്യപൻ വെറുതേ വലിച്ചിഴച്ചു കൊണ്ടുവരികയായിരുന്നുവെന്ന്.

ഈ സാഹിത്യകാരനുമായിട്ട് ഞാൻ കടയ്ക്കാവൂരിൽ ഒരു സമ്മേളനത്തിനു പോയിരുന്നു. ഒരു മണിക്കൂർ നേരത്തെ പ്രസംഗത്തിനു നൂറു രൂപ എന്നായിരുന്നു അദ്ദേഹത്തിന്റെ കരാറ്. അര മണിക്കൂർ നേരം പ്രസംഗിച്ചിട്ട് സാഹിത്യകാരൻ ഇരുന്നു. സംഘാടകർ ഒന്നും മിണ്ടിയതുമില്ല. തിരിച്ചു പോരാൻ നേരത്ത് നൂറു രൂപ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തിട്ട് അവരിലൊരാൾ പറഞ്ഞു: സാറ് അരമണിക്കൂറേ പ്രസംഗിച്ചുള്ളു. എങ്കിലും ഞങ്ങൾ തുക കുറച്ചിട്ടില്ല. സംസ്കാരം വിളമ്പുന്ന സാഹിത്യകാരന്മാരെക്കാൾ മീറ്റിങ് നടത്തുന്ന സാധാരണക്കാർ എത്രയോ ഉന്നതന്മാർ.

പ്രസംഗിക്കുന്നതിനുവേണ്ടി പണം വാങ്ങുന്നവരെ പരിഹസിക്കുന്ന കെ. എൽ. മോഹനവർമ്മ (പ്രസംഗം എന്ന ഹാസ്യലേഖനം, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ). അദ്ദേഹത്തിന്റെ കഥാപാത്രം കേരളത്തിന്റെ പടത്തിൽ ചെറിയ വൃത്തങ്ങൾ വരച്ചുവച്ചിട്ടുണ്ട്. അവയ്ക്കു പല നിറങ്ങൾ. ആ വർണ്ണങ്ങളിൽനിന്ന് ഏതു വർഷം ആ സ്ഥലത്തു പ്രസംഗിച്ചുവെന്നറിയാം. അവയിൽ എഴുതിയിട്ടുള്ള നമ്പരുകളിൽനിന്ന് ഏതേതു നേരമ്പോക്കുകളും ശ്ലോകങ്ങളുമാണു പറഞ്ഞതെന്ന് അറിയാം. അതുകൊണ്ട് അവിടെ വീണ്ടും പോയാൽ മുൻപ് ചൊല്ലിയ ശ്ലോകങ്ങൾ ആവർത്തിക്കേണ്ടിവരില്ല. നേരമ്പോക്കുകളും വീണ്ടും പറയാതെ കഴിക്കാം. പ്രസംഗത്തിനുവേണ്ടി പണം വാങ്ങുന്നവരെയും പ്രഭാഷണം ആവർത്തിക്കുന്നവരെയും കളിയാക്കുകയാണ് മോഹനവർമ്മ. ന്യൂനോക്തിയിലല്ല അത്യുക്തിയിലാണ് അദ്ദേഹം രസിക്കുന്നത്.

വൈരുദ്ധ്യങ്ങളിലാണ് പലപ്പോഴും ഹാസ്യമിരിക്കുന്നത്. താഴെച്ചേർക്കുന്ന വൈരുദ്ധ്യങ്ങളിൽ ഹാസ്യമില്ലെങ്കിൽ അവ എഴുതിയ എന്റെ മനസ്സ് ശുഷ്കമാണെന്നു കരുതിയാൽ മതി.

1. മലയാള നോവലുകൾ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തുകഴിയുമ്പോൾ സായ്പന്മാർ ലജ്ജിച്ചു തലതാഴ്ത്തുന്നു; തങ്ങൾ ഇത്രയുംകാലം മലയാള സാഹിത്യകാരന്മാരെ അബോധാത്മകമായി മോഷ്ടിക്കുകയായിരുന്നല്ലോ എന്ന വിചാരിച്ച്.
2. ഉയർന്നിട്ട് താഴോട്ടുവരുന്ന ലാത്തികളെ നോക്കി യുവാക്കന്മാർ ഓടിച്ചെന്ന് അവയ്ക്കുതാഴെ മുതുകുവച്ചു കൊടുക്കുന്നു.
3. സുന്ദരിയായ ലേഡി ഡോക്ടർ മനോഹരങ്ങളായ പല്ലുകൾ കാണിച്ചു വാ തുറക്കുമ്പോൾ അഴുകിയ പല്ലുകളത്രയും കാണിച്ച് കറങ്ങുന്ന കസേരയിലിരിക്കുന്ന രോഗിയും വാ തുറക്കുന്നു.
4. സുന്ദരി കൈകാണിച്ചിട്ടും ഡ്രൈവർ ബസ്സ് നിറുത്താതെ പോകുന്നു. അവൾ ചിരിക്കുന്നു. ഡ്രൈവർ പല്ലിറുമ്മി 'സൗന്ദര്യമുണ്ടെങ്കിൽ അവൾക്കു കൊള്ളാം' എന്നു പതുക്കെപ്പറയുന്നു.
5. കാലത്തു ജോലിയിൽനിന്നു വിരമിച്ച ഐ. എ. എസ്. ഉദ്യോഗസ്ഥൻ വൈകുന്നേരം പുളിമൂട്ട ഭാസ്കരൻ നായരുടെ ബുക്ക് സ്റ്റാളിനു മുൻപിൽ നില്ക്കുന്നു. 'ഇനി എന്താണ്?' എന്നു ഭാസ്കരൻ നായർ ചോദിക്കുമ്പോൾ 'എനിക്കു വേറേ പണിയുണ്ട് ഇതൊഴിഞ്ഞതു നന്നായി' എന്നു മറുപടി നല്കുന്നു.
6. അമ്മയും മോളും സമ്പത്തുള്ള കുടുംബത്തിലെ അംഗങ്ങൾ. കൊട്ടാരംപോലുള്ള വീട്. ഭംഗിയായി വസ്ത്രധാരണം ചെയ്തു രണ്ടുപേരും വീട്ടിന്റെ മുൻവശത്തെ പടിയിൽ. അമ്മ മകളുടെ തലയിൽനിന്നു പേനെടുത്ത് തള്ളവിരലിന്റെ നഖത്തിൽവച്ച് മറ്റൊരു നഖമമർത്തി പൊട്ടിച്ച് 'ശ്' എന്ന ശബ്ദം കേൾപ്പിക്കുന്നു.
7. നവീന രീതിയിൽ നിർമ്മിച്ച ഭവനം. ടെറസിൽ വലിച്ചുകെട്ടിയ കമ്പി അശയിൽ വീട്ടുടമസ്ഥന്റെ കോണകം നനച്ചു തൂക്കിയിരിക്കുന്നു.

കൃതജ്ഞത

ലേ റൊഷ്ഫുകോ

ഫ്രഞ്ച് സന്മാർഗ്ഗവാദിയും സൂത്രസദൃശമായ വാക്യരചനയിൽ നിസ്തുലനും ആയ ലേ റൊഷ്ഫുകോ (La Rochefoucauld, 1613–80) സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യനെ മാത്രമേ കണ്ടതുള്ളൂവെന്ന അൽഡസ് ഹക്സ്‌ലി പറഞ്ഞിട്ടുണ്ട്. ഒന്നു രണ്ട് ഉദാഹരണങ്ങൾ:

> "ബുദ്ധിയെക്കാൾ ഗർവ്വമാണ് കൂടുതൽ സംഭാഷണങ്ങൾക്കു കാരണമാവുന്നത്". "(വ്യക്തിയുടെ) അഭാവം ചെറിയ വികാരങ്ങളെ കെടുത്തിക്കളയുന്നു. വലിയ വികാരങ്ങളെ വർദ്ധിപ്പിക്കുന്നു. കാറ്റ് മെഴുകുതിരി കെടുത്തുന്നതുപോലെയും വലിയ അഗ്നിയെ ആളിക്കത്തിക്കുന്നതുപോലെയും".



ഏകാന്തതയിൽ കഴിഞ്ഞു കൂടുന്ന ആത്മാവിനെക്കുറിച്ച് റൊഷ്ഫുകോ ഒന്നും പറഞ്ഞില്ലെന്നാണ് ഹക്സ്‌ലിയുടെ പരാതി. ആ വിധത്തിലൊരാത്മാവിനെ കാണണമെങ്കിൽ ദസ്തെയെവ്സ്കിയുടെ നോവലുകൾ വായിക്കണമെന്നാണ് ഹക്സ്‌ലിയുടെ നിർദ്ദേശം. (Along the Road, A Huxley, Books for the journey എന്ന അദ്ധ്യായം.) ഇക്വേറ്റ് ചെയ്ത് എഴുതുകയല്ല. ഏകാന്തതയിൽ ജീവിക്കുന്ന ആളാണ് ഞാൻ. ഒരു സ്നേഹിതന്റെയോ ഒരു ബന്ധുവിന്റെയോ വീട്ടിൽ ഞാൻ പോകുന്നില്ല. എനിക്ക് ബാങ്ക് ബാലൻസില്ല. 'കലാകൗമുദി'യുടെ പ്രവർത്തകർ തരുന്ന ചെക്ക് ഡിസ്കൗണ്ട് ചെയ്യാൻ മാത്രം പത്തുരൂപ ഞാൻ ഒരു ബാങ്കിൽ ഇട്ടിട്ടുണ്ട്. എനിക്ക് സ്വന്തമായ വീടില്ല. നിലങ്ങളും പുരയിടങ്ങളിൽ റബ്ബർ എസ്റ്റേറ്റുകളും ശ്വശുരന്റെ മരണത്തിനുശേഷം എനിക്കു കിട്ടിയെങ്കിലും ഞാൻ അവചെന്നു നോക്കാതെ മക്കൾക്കു വീതിച്ചു കൊടുത്തു. ഇന്നുവരെ അതിൽ ഒരു തുണ്ടു ഭൂമിപോലും ഞാൻ കണ്ടിട്ടില്ല. ഇനി കാണണമെന്നു തോന്നുന്നുമില്ല. എന്റെ സഹധർമ്മിണിക്ക് അവളുടെ അച്ഛൻ നല്കിയ ഒരു തെങ്ങിൻ പുരയിടം ഒരുത്തൻ കൈയേറി, എന്റെ മരുമക്കൾ കൈയേറ്റക്കാരന്റെ പേരിൽ കേസ് കൊടുക്കാനും ബലാൽക്കാരമായി തേങ്ങവെട്ടാനും തയ്യാറായി. "വേണ്ട, അയാൾ എടുത്തുകൊള്ളട്ടെ" എന്നുപറഞ്ഞ് ഞാൻ അവരെ അതിൽനിന്ന് പിന്തിരിപ്പിച്ചു. ക്രിസ്തുവായി ചമയുകയാണ് ഞാനെന്ന് പ്രിയപ്പെട്ട വായനക്കാർ തെറ്റിദ്ധരിക്കരുത്. ഭൗതിക കാര്യങ്ങളിൽ എനിക്ക് ഒരു തല്പരത്വവുമില്ല എന്നു കാണിക്കാനാണ് ഇത്രയും എഴുതിയത്.

കൊളാടി ഗോവിന്ദൻ കുട്ടി

ആത്മാവിന്റെ ഏകാന്തതയാണ് എനിക്ക്. ഈ ഏകാന്തതയിൽ നിന്നു രക്ഷപ്രാപിക്കാൻ വേണ്ടിയാണ് ഞാൻ പതിനെട്ടുകൊല്ലമായി ഈ കോളമെഴുതുന്നത്. ശത്രുക്കളുടെ രചനകൾ പോലും നല്ലവയാണെങ്കിൽ നല്ലത് എന്നേ ഇന്നുവരെ എഴുതിയിട്ടുള്ളു. മിത്രങ്ങളുടെ രചനകൾ വിരൂപങ്ങളാണെങ്കിൽ വിരൂപമെന്നേ ഞാൻ പറഞ്ഞിട്ടുള്ളു! മുകളിലെഴുതിയ സത്യം ജനയുഗം വാരികയുടെ കോളമിസ്റ്റായ കൊളാടി ഗോവിന്ദൻ കുട്ടി അറിഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞ നല്ല വാക്കുകൾക്കു ഞാനദ്ദേഹത്തോടു നന്ദിയുള്ളവനാണ്.

സിയായുടെ ബോംബ് നിസ്സാരം

> "വഴിവക്കിലൊരു പാഴ്മരമായ് ഞാൻ
> വർഷങ്ങളേറെയായ് നിന്നിട്ടും.
> ഇലകൾ കൊഴിഞ്ഞും തൊലികൾ പിളർന്നും
> ചിതൽ കേറിയുള്ളാകെ പോടായി
> ഒരുശാപമായ്"

അസീസ് പട്ടാമ്പി ചന്ദ്രിക ആഴ്ചപ്പതിപ്പിൽ എഴുതിയ 'അന്ത്യം കാത്ത്' എന്ന "കാവ്യ"ത്തിന്റെ തുടക്കമാണിത്. ഇങ്ങനെ കവിത രചിച്ചാൽ ശാപമാകാതിരിക്കുന്നതെങ്ങനെ അസീസേ? എങ്കിലും എനിക്ക് താങ്കളോടു ബഹുമാനമുണ്ട്. ആത്മകഥ സത്യസന്ധമാവുമ്പോൾ അത് വായിക്കുന്ന അന്യർക്കു രചയിതാവിനോട് ബഹുമാനം തോന്നും. അസീസ് തുടരുന്നു:

> "അന്നൊക്കെയാളുകൾ ധാരാളമെപ്പോഴും
> എന്നെക്കുറിച്ചുള്ള പാട്ടുപാടി
> ഇന്നോ ദുഃഖപ്രതീകമാക്കാൻ പോലുമീ
> ക്യാമറാക്കാരനും വന്നതില്ല"

ഇതിൽ ആദ്യത്തെ രണ്ടു വരികൾ പച്ചക്കള്ളം. സത്യസന്ധതയിൽനിന്ന് അസത്യത്തിലേക്ക് ഇങ്ങനെ ഹനുമാൻ ചാട്ടം ചാടരുത് അസീസ്. രണ്ടാമത്തെ രണ്ടുവരികൾ സത്യംതന്നെ. ഫിലിമിന് (ഫിൽമ് എന്നു ശരിയായ ഉച്ചാരണം) വലിയ വിലയല്ലേ? അതുകൊണ്ട് ക്യാമറാക്കാരൻ അസീസിന്റെ പടമെടുക്കാൻ വന്നിരിക്കില്ല.

> "ഒരു കോടാലിക്കൈയൊന്നുകണ്ടിട്ടവാൻ
> ഒരു ശക്തമാം കാറ്റിൻവിളക്കായ്
> കാത്തിരിക്കുന്ന ഞാനിന്നിട്ടലൊട്ടേറെ
> കാലമായ്, കാലൻപോലും വരില്ലേ?"

എന്ന് അസീസ് വീണ്ടും പരിദേവനം നടത്തുന്നു. അയ്യോ അങ്ങനെയൊന്നും പറയരുത്. അസീസ് വളരെക്കാലം ജീവിച്ചിരിക്കണമെന്നാണ് എന്റെ ആഗ്രഹം. കവിതമാത്രം എഴുതാതിരുന്നാൽ മതി. അസീസേ, പാകിസ്ഥാനിലെ സിയാ ഉൾ ഹക്കിന്റെ ന്യൂക്ലിയർ ബോംബ് താങ്കളുടെ കാവ്യവുമായി തട്ടിച്ചുനോക്കിയാൽ അത്ര കണ്ടു വിനാശാത്മകമല്ല.

ചോദ്യം, ഉത്തരം

ചോദ്യം: "സെക്സിൽ അതിരുകടന്ന കൗതുകമുള്ളവരെ എങ്ങനെ തിരിച്ചറിയാം?"

ഉത്തരം: "വീട്ടുവാടകയ്ക്ക് എടുക്കാൻ വന്നാൽ ബെഡ്റൂം എത്രയുണ്ടെന്ന ആദ്യംതന്നെ ചോദിക്കും".

ചോദ്യം: "മോഡേൺ ക്രിട്ടിക്?"

ഉത്തരം: "ഓൾവെയ്സ് ഇൻകോംപിറ്റന്റ് ആൻഡ് ഓൾവെയ്സ് എ ഫാൾസിഫൈയർ".

ചോദ്യം: "എം. കെ. മേനോനെക്കുറിച്ച് (വിലാസിനിയെക്കുറിച്ച്) എന്താണഭിപ്രായം?"

ഉത്തരം: "മാന്യൻ. ധാരാളം വായിച്ചിട്ടുള്ള ആൾ. വായിച്ചത് മനസ്സിലാക്കിയിട്ടുള്ള ആൾ. നോവലുകൾ പാരായണയോഗ്യങ്ങൾ. വിശേഷിച്ചും 'നിറമുള്ള നിഴലുക'ളുടെ ആഖ്യാനം ഒന്നാന്തരം. അദ്ദേഹത്തിന്റെ ആ വലിയ നോവലുണ്ടല്ലോ 'അവകാശികൾ'—അത് എൻ. ബി. എസ്സിൽനിന്ന് വാങ്ങുന്നവർക്ക് സാഹിത്യപ്രവർത്തക സംഘം ഓരോ ചക്കടാവണ്ടികൂടെ ഫ്രീയായി കൊടുക്കേണ്ടതാണ്. കൈയിലെടുത്തോ തലച്ചുമടായോ കൂലിക്കാരനെക്കൊണ്ട് എടുപ്പിച്ചോ അതു വീട്ടിൽക്കൊണ്ടു പോകാൻ പ്രയാസം".

ചോദ്യം: "പറഞ്ഞ കാര്യങ്ങൾ പിന്നെയും പറയുന്നവരോട് താങ്കൾക്കുള്ള മനോഭാവം?"

ഉത്തരം: "പുച്ഛം. അതുകൊണ്ടാണ് ഞാൻ എന്നെത്തന്നെ പുച്ഛിക്കുന്നത്".

അക്കിത്തം

അക്കിത്തം

"ഞാനും ഭർത്താവും ഇഷ്ടത്തിലാണെങ്കിൽ യേശുദാസന്റെ പാട്ട് മധുരതരം. പിണക്കമാണെങ്കിൽ ഒരാളിനേ ആ പാട്ടു മനോഹരമായിത്തോന്നൂ" ആരോ ഇങ്ങനെ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഇതു ശരിയാണ്. മനസ്സുകളുടെ ഐക്യം മറ്റെല്ലാ ഐക്യങ്ങളും ഉണ്ടാക്കും. പ്രകൃതിയിലേക്കു നോക്കൂ. പനിനീർച്ചെടിയുടെ വേരിന്റെ ആവിഷ്കാരമാണ് പൂവ്. പൂവ് അഹങ്കാരത്തോടെ 'എനിക്കു വേരുമായി ഒരു ബന്ധവുമില്ല' എന്നു പറഞ്ഞാൽ അതു നശിക്കും. എന്റെ കുട്ടിക്കാലത്ത് വൃദ്ധന്മാരും യുവാക്കന്മാരും തമ്മിൽ നല്ല ബന്ധമായിരുന്നു. സർക്കാരും ജനതയുമായി നല്ല ബന്ധമുണ്ടായിരുന്നു. ക്രമേണ അവർ തമ്മിൽ അകന്നു. ആ അകൽച്ചയുടെ ഫലം തകർച്ച. ഇത് ഇന്ന് എല്ലാ മണ്ഡലങ്ങളിലുമുണ്ട്. ഇതിനെത്തന്നെയാണ് നല്ല കവിയായ അക്കിത്തം 'രാപ്പനി' എന്ന കാവ്യത്തിലൂടെ പ്രതിപാദിക്കുന്നത്.

> "വൃക്ഷങ്ങളൊക്കെ നാം വെട്ടിക്കളകയാൽ
> നക്ഷത്രം നോക്കാൻ തടസ്സമില്ല.
> ആന നരി പുലി തൊട്ടവരെക്കുറി
> ച്ചാശങ്കയും വേണ്ടതില്ല. പക്ഷേ..."

തകർച്ചയെ പരിഹാസത്തിലൂടെ ആവിഷ്കരിക്കുന്ന കവി അദ്ദേഹത്തിന്റെ ട്രംപ് ചീട്ട് കളിക്കുന്നതു കാണുക:

> "അക്ഷരജ്ഞാനത്തിൻ താഴെയുമിക്കുറി
> നില്ക്കുന്നുണ്ടാളുകൾ മന്ത്രിയാവാൻ".

ഇങ്ങനെയുള്ള കാലയളവിൽ നാമം ജപിക്കുന്നതുതന്നെയാണ് നല്ലതെന്ന തീരുമാനത്തിൽ അദ്ദേഹമെത്തുന്നു. അക്കിത്തത്തിന്റെ കാവ്യത്തിന് ചലനാത്മകശക്തിയുണ്ട്. സാന്മാർഗ്ഗികശക്തിയുണ്ട് (കാവ്യം കലാകൗമുദിയിൽ).

തിരുവനന്തപുരം

തിരുവനന്തപുരം നല്ല പട്ടണമാണ്. മാലിന്യം കുറവ്. മഴപെയ്താൽ വെള്ളം ഒഴുകിപ്പോകും. എറണാകുളം പട്ടണത്തിനെന്നപോലെ അതു റോഡിൽ കെട്ടിക്കിടക്കുകയില്ല. മറ്റു നഗരങ്ങളെ അപേക്ഷിച്ച് ചെലവു കുറവാണ് ഇവിടെ. ശീതോഷ്ണാവസ്ഥ ആളുകൾക്കു ഉപദ്രവം ചെയ്യുകയില്ല. അതുകൊണ്ട് വടക്കേയിന്ത്യയിൽനിന്ന് എത്തുന്നവർപോലും ഇവിടെ സ്ഥലംവാങ്ങിച്ച് കെട്ടിടംകെട്ടി വസിക്കുകയാണ്. പക്ഷേ, കാസാൻദ്സാക്കീസ് പറഞ്ഞതുപോലെയാണ് ആളുകളുടെ രീതിയും അവസ്ഥയും. ഇംഗ്ലണ്ടിലെ ഒരു വലിയ നഗരത്തിലൂടെ കാസാൻദ്സാക്കീസ് നടക്കുകയായിരുന്നു. ആളുകളുടെ അത്യാർത്തിനിറഞ്ഞ മുഖങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിനു മൃഗശാലയിൽച്ചെന്ന് പക്ഷികളെയും കാട്ടുമൃഗങ്ങളെയും വലിയ പാമ്പുകളെയും കണ്ട് ആശ്വസിക്കണമെന്നു തോന്നി. ഈശ്വരചൈതന്യം അവയിലാണ് ഉള്ളതെന്ന് അദ്ദേഹം കരുതി. ഈശ്വരന്റെ രഹസ്യം പരസ്യമാക്കുന്നവയാണ് പക്ഷിമൃഗാദികൾ. അവ കളിക്കുന്നു, വളരുന്നു. സംഘട്ടനം ചെയ്യുന്നു, അന്തസ്സോടെ മരിക്കുന്നു. ഇതിനൊന്നും മനുഷ്യർക്കു കഴിവില്ല. ദേവാലയങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും ഈ നഗരത്തിലുണ്ട്. പക്ഷേ, ഐശ്വരമായ ശക്തിവിശേഷം ഞാനുൾപ്പെടെയുള്ള ഒരുത്തന്റെയും മുഖത്തില്ല. ഞാൻ അപവദിക്കുന്നു; മറ്റൊരുത്തനെ 'വേലവയ്ക്കുന്നു'. തേജോവധം ചെയ്യുന്നു. ഈ ഹീനകൃത്യങ്ങളൊക്കെ ചെയ്തിട്ട് മനഃസാക്ഷിക്കുത്തുകൊണ്ട് ഉറക്കംവരാതെ കിടക്കയിൽ താനേ തിരിഞ്ഞുംമറിഞ്ഞും കിടക്കുന്നു. എന്നിട്ട് വാലിയംഗുളികയെടുത്തു കഴിക്കുന്നു. നേരം വെളുത്താൽ ഞാൻ സന്മാർഗ്ഗവാദിയുടെ മുഖംമൂടി ധരിക്കുകയാണ്. തിരുവനന്തപുരത്തുകാരനായ എനിക്കിത് പറയാൻ അധികാരമുണ്ടെന്നാണ് എന്റെ വിചാരം. ഇതു തെറ്റാണെങ്കിൽ മറ്റുള്ളവർ എനിക്കു മാപ്പുനല്കാൻ അപേക്ഷിക്കുന്നു.

ഈ നഗരത്തിന്റെ സവിശേഷതകളെ വേറൊരു രീതിയിൽ പ്രതിപാദിക്കുന്നു ഇ. വി. ശ്രീധരൻ. (കേരളകൗമുദി ദിനപത്രത്തിന്റെ വീക്കെൻഡ് എഡിഷനിൽ) അഭിനന്ദനത്തിനും ഉപാലംഭത്തിനും സമനില വരുത്തിക്കൊണ്ട് ശ്രീധരൻ എഴുതിയ ഈ ലേഖനത്തിന് സത്യസന്ധത എന്ന ഗുണമുണ്ട്.

"ഏഴുരാത്രികൾ"

ഹോമർ

"The rose has no why, it flowers because it flowers"—പനിനീർപ്പൂവ് എന്തുകൊണ്ട് എന്ന ചോദ്യമില്ല. അതു പുഷ്പിക്കുന്നതുകൊണ്ടു പുഷ്പിക്കുന്നു. ഒരു മഹാകവിയുടെ ഈ വരി ഉദ്ധരിച്ചുകൊണ്ടാണ് ലാറ്റിനമേരിക്കൻ കവി ബോർഹെസ് ഒരു പ്രഭാഷണം അവസാനിപ്പിക്കുന്നത്. വേറൊരു പ്രഭാഷണത്തിൽ അദ്ദേഹം പറയുന്നു: ഹോമർ ജീവിച്ചിരുന്നോ എന്ന കാര്യം നമുക്കറിഞ്ഞുകൂടാ. ഏഴു നഗരങ്ങൾ അദ്ദേഹത്തിനുവേണ്ടി മത്സരിക്കുന്ന എന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചരിത്രയാഥാർത്ഥ്യത്തിൽ നാം സംശയാലുക്കളായിത്തീരുന്നു. ഒരുപക്ഷേ, ഒരു ഹോമർ മാത്രമല്ലായിരിക്കും ഉണ്ടായിരുന്നത്... നമുക്ക് അന്ധനായ കവിയെ കാണിച്ചുതരുന്നതിൽ (ഗ്രീക്ക്) പാരമ്പര്യങ്ങളെല്ലാം അഭിപ്രായൈക്യം പുലർത്തുന്നു. എങ്കിലും ഹോമറിന്റെ കവിത ദൃഷ്ടിഗതമാണ് (visual)—മനോഹരമായ വിധത്തിൽ ദൃഷ്ടിഗതം... കവിത ശ്രവണേന്ദ്രിയപരമാകണം, ദൃഷ്ടിഗതമാകാൻ പാടില്ല എന്നതിൽ ഊന്നൽ നല്കാനായിരിക്കണം ഹോമർ അന്ധനായിരുന്നുവെന്ന് ഗ്രീക്കുകാർ പറഞ്ഞതെന്ന് ഒസ്കർ വൈൽഡ് അഭിപ്രായപ്പെട്ടു.

വാചാടോപം പാലമായിരിക്കണം, പാതയായിരിക്കണം. സെനക്ക, കാവേതോ (Quevedo)—സ്പാനിഷ് നോവലിസ്റ്റ് മിൽട്ടൻ, ലൂഗോനസ് (Lugones) ഈ വിഭിന്നരായ എഴുത്തുകാരിൽ നമ്മൾ ഇതു കാണുന്നു. അവരിലെല്ലാം വാക്കുകൾ അവരുടെയും നമ്മുടെയും ഇടയിൽ വന്നുനില്ക്കുന്നു.



മൗലികങ്ങളായ ഇത്തരം നിരീക്ഷണങ്ങൾ കൊണ്ട് ചിന്തോദ്ദീപകവും ചേതോഹരവുമായിരിക്കുന്ന ബോർഹെസിന്റെ Seven Nights എന്ന ഗ്രന്ഥം. ബ്വേനസ് ഐറിസ് നഗരത്തിൽ ഏഴു രാത്രികളിലായി ബോർഹെസ് നടത്തിയ ഏഴു പ്രഭാഷണങ്ങളാണ് ഇതിലടങ്ങിയിട്ടുള്ളത്. മഹാനായ കവിയും കഥാകാരനും മാത്രമല്ല ബോർഹെസ്. മഹാനായ നിരൂപകനുമാണ്. രസകരമായ നോവൽ താഴെവയ്ക്കാതെ നമ്മൾ വായിച്ചുതീർക്കാറില്ലേ? അതുപോലെയാണ് ഞാൻ ഈ പുസ്തകം ഒറ്റയിരുപ്പിൽ വായിച്ചവസാനിപ്പിച്ചത്.

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.